**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1144** **18-09-2025 - ൽ മറുപടിയ്ക്ക്**

**കാഞ്ഞൂർ പഞ്ചായത്തിലെ ജൽ ജീവൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അൻവർ സാദത്ത് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | ആലുവ നിയോജക മണ്ഡലത്തിൽ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിലെ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായുള്ള കുടിവെള്ള സംഭരണി നിർമ്മിക്കുന്നതിനായുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) | ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | കുടിവെള്ള സംഭരണി സ്ഥാപിക്കുന്ന സ്ഥലത്തേക്ക് റോഡ് നിർമ്മിക്കാനുള്ള ആവശ്യം ജലവിഭവ വകുപ്പിന്റെ പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കുമോ; റോഡു നിർമ്മിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് ജലവിഭവ വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | കുടിവെള്ള സംഭരണി സ്ഥാപിക്കുന്ന സ്ഥലത്തേക്ക് പുതിയ റോഡിന്റെ നിർമ്മാണം ആവശ്യമില്ല. നിലവിലുള്ള കനാൽ ബണ്ട് റോഡ് ഉപയോഗിക്കാവുന്നതാണ്. |
| (സി) | ആലുവ നിയോജക മണ്ഡലത്തിലെ കാഞ്ഞൂർ ഗ്രാമപഞ്ചായത്തിൽ ജൽ ജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിനായി കുഴിച്ച മുഴുവൻ റോഡുകളും ടാർ ചെയ്തും കോൺക്രീറ്റ് ചെയ്തും പൂർവ്വസ്ഥിതിയിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | മുഴുവൻ റോഡുകളും പൂർവ്വ സ്ഥിതിയിലാക്കിയിട്ടില്ല. 5 കിലോമീറ്റർ ടാറും 10 കിലോമീറ്റർ കോൺക്രീറ്റും ചെയ്തിട്ടുണ്ട്. |
| (ഡി) | പ്രസ്തുത പഞ്ചായത്ത് പരിധിയിൽ പൈപ്പ് ലൈനിനായി കുഴിച്ച എത്ര കിലോമീറ്റർ റോഡുകൾ പൂർവ്വസ്ഥിതിയിലാക്കാൻ ബാക്കിയുണ്ടെന്ന് വ്യക്തമാക്കുമോ; | (ഡി) | 20 കിലോമീറ്റർ റോഡ് പൂർവ്വ സ്ഥിതിയിൽ ആക്കുവാനുണ്ട്. |
| (ഇ) | റോഡുകൾ പൂർവ്വസ്ഥിതിയിലാക്കാനുള്ള അടിയന്തിര നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകുമോ; വ്യക്തമാക്കുമോ? | (ഇ) | ടാറിംഗ് പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ പുരോഗമിച്ചു വരുന്നു |

സെക്ഷൻ ഓഫീസർ